# അലനും താഹയ്ക്കും ജാമ്യം അനുവദിക്കുക

കൊറോണാ വൈറസ് ഭീഷണിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ
വിചാരണാ തടവുകാർക്ക് ജാമ്യം നൽകാനുള്ള സർക്കാർ തീരുമാനത്തിന്റെ ആനുകൂല്യം ആറ് മാസമായി
വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയുന്ന അലനും താഹയ്ക്കും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട്
അലൻ-താഹ മനുഷ്യാവകാശ സമിതി 2020 ഏപ്രിൽ 8ന് കേരള മുഖ്യമന്ത്രിക്ക് അയച്ച നിവേദനം.

ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിക്ക്,

കൊറോണാ വൈറസ് ഭീഷണിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ രാഷ്ട്രീയ തടവുകാരുടെ മനുഷ്യാവകാശങ്ങളുടെ പ്രശ്നം താങ്കളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്നത്തെ ആഗോള പ്രതിസന്ധിയിൽ പരമാവധി തടവുകാരെ വിട്ടയക്കണമെന്നും അതിൽ രാഷ്ട്രീയ തടവുകാർക്ക് മുൻഗണന നൽകണമെന്നുമുള്ള യു.എൻ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ശ്രദ്ധിക്കുമല്ലോ. കഴിഞ്ഞവർഷം നവംബർ ഒന്നിനാണ് അലൻ ഷുഹൈബ്, താഹ ഫസൽ എന്നീ വിദ്യാർത്ഥികളെ പന്തീരങ്കാവ് പോലീസ് അറസ്റ്റ് ചെയ്തത്. വിചാരണത്തടവുകാരായി തൃശൂർ ജയിലിൽ ആറു മാസമായി അവർ കഴിയുന്നു. അവർക്കു കുറ്റപത്രം നൽകി കേസ് വിചാരണക്കുള്ള നടപടികൾ പോലും പൂർത്തിയായിട്ടില്ല. കോഴിക്കോട്ടെ പൊതുപ്രവർത്തന രംഗത്ത് സജീവമായിരുന്ന രണ്ടുപേരെയും മാവോയിസ്റ്റുകൾ എന്ന് ആരോപിച്ചാണ് അറസ്റ്റ് ചെയ്തത്. യു.എ.പി.എ അനുസരിച്ച് കേസ് എടുത്തതിനെ തുടർന്നാണ് എൻ.ഐ.എ അത് ഏറ്റെടുത്തത്. എൻ.ഐ.എ അന്വേഷിക്കേണ്ട തരത്തിൽ ഗൗരവമുള്ള കുറ്റമൊന്നും അവർ ചെയ്തതായി സർക്കാരിന് ബോധ്യമില്ലാത്തതിനാൽ കേസ് കേരളാ പോലീസിനെ തിരിച്ചേൽപ്പിക്കണമെന്നു താങ്കൾ കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് എഴുതിയ കാര്യം ഓർക്കുമല്ലോ.

ഇന്ന് കേരളത്തിന്റെ മനഃസ്സാക്ഷിയുടെ മുന്നിൽ രണ്ടു വിദ്യാർഥികളും ചോദ്യചിഹ്നമായി നിൽക്കുകയാണ്. സർക്കാരിന്റെയും പോലീസിന്റെയും തെറ്റായ നിലപാടുകളുടെ ഇരകളാണ് അവർ എന്ന് സമൂഹം ഉറപ്പിച്ചു വിശ്വസിക്കുന്നു. ഭരണകൂടം അവർക്കെതിരെ ഉയർത്തിയ ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടുമില്ല.

വിചാരണാ തടവുകാർക്ക് ജാമ്യം നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഈ ആനുകൂല്യം അലനും താഹയും അർഹിക്കുന്നു. പക്ഷേ, സാങ്കേതികമായ കാരണങ്ങളാൽ അവർക്കതു നിഷേധിക്കപ്പെടുകയാണ്. അതിനാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തിര ഇടപെടൽ അനിവാര്യമണ്. ജയിലിൽ ആരോഗ്യത്തിന് ഭീഷണി നേരിടുന്ന അവർക്ക് മോചനം വേണം. കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് അവർക്ക് നീതി ലഭ്യമാക്കാൻ കേരള സർക്കാർ മുൻകൈയെടുക്കണം എന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**അലൻ താഹ മനുഷ്യാവകാശ സമിതി, കേരളം**
**ബി.ആർ.പി ഭാസ്കർ (പ്രസിഡന്റ്)**
**ഡോ. ആസാദ് (കൺവീനർ)**



## പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമരം 18 വർഷം

പ്ലാച്ചിമടയിൽ 2000ൽ പ്രവർത്തനം ആരംഭിച്ച കൊക്കകോള കമ്പനിക്കെതിരെ തദ്ദേശവാസികളുടെ ആഭിമുഖ്യത്തിൽ 2002ൽ ഏപ്രിൽ 22 ലോക ഭൗമ ദിനത്തിൽ ആരംഭിച്ച സമരം 18 വർഷം പൂർത്തിയാക്കി. പ്ലാച്ചിമട ജനതയോട് സർക്കാർ കാണിക്കുന്ന നീതി നിഷേധത്തിൽ പ്രതിഷേധിച്ച് പ്ലാച്ചിമട സമരസമിതിയുടെ 18 പ്രവർത്തകർ സമരത്തിന്റെ 18-ാം വർഷമായ 2020 ഏപ്രിൽ 22ന് സമരപ്പന്തലിലെത്തി പ്രതിഷേധിച്ചു.


## കേരളീയം ഡിജിറ്റൽ ആർക്കൈവ്

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന
കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ
നിങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. വിഷയാടിസ്ഥാന
ത്തിൽ തിരയുന്നതിനും ലേഖനങ്ങൾ പ്രത്യേകം
ഡൗൺലോഡ് ചെയ്യുന്നതിനും
കോപ്പി ലെഫ്റ്റ് ലൈസൻസിൽ പ്രവർത്തിക്കുന്ന
ഈ ഡിജിറ്റൽ ആർക്കൈവ്
സൗകര്യമൊരുക്കുന്നു. സന്ദർശിക്കുക:



www.keraleeyammasika.com

## കേരളീയം
## വരിസംഖ്യ അയയ്ക്കുമല്ലോ

വാർഷിക വരിസംഖ്യ (12 ലക്കം) :
**ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ**
**വിദേശത്തേക്ക് : 1200 രൂപ.**
**കൂട്ടായ്മ അംഗത്വം : 15,000 രൂപ.**
**ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.**

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന,
പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*

**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943